പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4541 | 25.10.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്ന കോഴ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | സംസ്ഥാന ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്ന കോഴ്സുകൾ ഏതെല്ലാമാണെന്നും അവയുടെ കാലദൈർഘ്യം,സീറ്റുകളുടെ എണ്ണം, ഫീസ് എന്നിവയും വ്യക്തമാക്കുമോ; | എ) | സംസ്ഥാന ടൂറിസം വകുപ്പ് വിദ്യാർത്ഥികൾക്കായി നേരിട്ട് കോഴ്സുകളൊന്നും നടത്തുന്നില്ല. വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് കോഴ്സുകൾ നടത്തുന്നത്. |
| ബി) | കിറ്റ്സ്, കെ.ഐ.എച്ച്.എം.എസ്, ഐ.എച്ച്.എം.സി.റ്റി. (KITTS, KIHMS, IHMCT) എന്നിവയുടെ കോഴ്സുകൾ ഏതെല്ലാമാണെന്നും അവ ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് നടത്തുന്നതെന്നുള്ള വിവരവും ലഭ്യമാക്കുമോ; | ബി) | **കിറ്റ്സ് നടത്തുന്ന കോഴ്സുകളും സ്ഥലങ്ങളും** |

**കിറ്റ്സ് നടത്തുന്ന കോഴ്സുകളും സ്ഥലങ്ങളും**

| | |
|---|---|
| എം.ബി.എ (ട്രാവൽ & ടൂറിസം) | ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം |
| ബി.ബി.എ (ടൂറിസം മാനേജ്മെന്റ്) ഡിഗ്രി കോഴ്സ് | ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം |
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് & ട്രാവൽ മാനേജ്മെന്റ് | തലശ്ശേരി സെന്റർ |
| ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ് | തിരുവനന്തപുരം<br>എറണാകുളം<br>തലശ്ശേരി |
| അയാട്ട കോഴ്സുകൾ | തിരുവനന്തപുരം<br>എറണാകുളം<br>സെന്ററുകൾ |
| പി.ജി ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് & ടൂറിസം | എറണാകുളം<br>തലശ്ശേരി<br>സെന്ററുകൾ |

| | |
|---|---|
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻ | തിരുവനന്തപുരം എറണാകുളം സെന്ററുകൾ |

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസിനെ (KIHMS) ഉത്തരവാദിത്വ ടൂറിസം പദ്ധതിക്ക് പ്രാമുഖ്യം നൽകി 2015 മുതൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS) ന്റെ ഭാഗമാക്കി മാറ്റുകയുണ്ടായി. ആയതിനാൽ ഈ സ്ഥാപനം ഇപ്പോൾ പ്രത്യേകമായി കോഴ്സുകൾ നടത്തുന്നില്ല.

**<u>ഐ.എച്ച്.എം.സി.റ്റി.കോവളം നടത്തുന്ന കോഴ്സുകൾ</u>**

1. ഹോസ്പിറ്റാലിറ്റി ആൻഡ് ഹോട്ടൽ അഡ്മിനിസ്ട്രേഷൻ-ത്രിവൽസര ഡിഗ്രി കോഴ്സ്

2. ഡിപ്ലോമ ഇൻ ഫുഡ് പ്രൊഡക്ഷൻ-ഒന്നര വർഷ കോഴ്സ്

3. ഡിപ്ലോമ ഇൻ ഫുഡ് & ബിവറേജ് സർവ്വീസ്-ഒന്നര വർഷ കോഴ്സ്

മുകളിൽ പറഞ്ഞ റെഗുലർ കോഴ്സുകൾക്ക പുറമെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ 'Hunar Se Rozgar Thak' ന്റെ ഭാഗമായി താഴെ പറയുന്ന സൗജന്യ പരിശീലന പരിപാടികൾ നടത്തിവരുന്നു.

1. 6 ആഴ്ച ദൈർഘ്യമുള്ള F&B Service കോഴ്സ്

2. 8 ആഴ്ച ദൈർഘ്യമുള്ള Food Production കോഴ്സ്

3. 8 ആഴ്ചത്തെ Food Production പരിശീലനം പൂർത്തീകരിച്ചിട്ടുള്ള

| | | | |
|---|---|---|---|
| | | | വർക്കായി 6 മാസത്തെ ഉപരിപഠന കോഴ്സ്<br><br>4. 6 ദിവസത്തെ Skill Testing & Certification Programme (ഹോട്ടലുകളിലും മറ്റ് സർക്കാർ/ഇതര സ്ഥാപനങ്ങളിലും, ഹോസ്പിറ്റാലിറ്റി മേഖലയിൽ തൊഴിലെടുക്കുന്ന അവിദഗ്ധ ജീവനക്കാർക്കു വേണ്ടിയുള്ള പരിശീലന പരിപാടി)<br>5. മുകളിൽ പറഞ്ഞ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്ന സൗജന്യ പരിശീലന പരിപാടികൾക്കു പുറമെ 'Hunar Se Rozgar Thak' ന്റെ ഭാഗമായി കേരളത്തിലെ പ്രമുഖ ഹോട്ടലുകളിൽ ഐ.എച്ച്.എം.സി.ടി. കോവളവുമായുള്ള എം.ഒ.യു പ്രകാരം 8 ആഴ്ച/ 6 ആഴ്ച ദൈർഘ്യമുള്ള സൗജന്യ പരിശീലന പരിപാടികൾ നടത്തിവരുന്നു. |
| സി) | പുറമേയുള്ള സ്ഥാപനങ്ങൾക്ക് കോഴ്സുകൾ നടത്താൻ അനുമതി നൽകുമ്പോൾ ഈ മേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന നല്കുമോ; | സി) | ടൂറിസം വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഇപ്പോൾ കോഴ്സുകൾ നടത്തുന്നത്. പുറമെയുള്ള സ്ഥാപനങ്ങൾക്ക് നൽകുകയാണെങ്കിൽ മുൻഗണന പരിശോധിക്കാവുന്നതാണ്. |
| ഡി) | തൊഴിലവസരം കൂടുതലുള്ള കോഴ്സുകൾക്ക് ചേരുന്നതിന് വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ